പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3862

12.12.2018 ൽ മറുപടിക്ക്

## ശബരിമല വിമാനത്താവള സാധ്യതാപഠനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എൻ.എ ഖാദർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമല വിമാനത്താവളം തുടങ്ങുന്നതിന് സാധ്യതാപഠനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയത്;<br><br>(ബി) ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; ഇവിടെ പാരിസ്ഥിതിക ആഘാത പഠനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(സി) ശബരിമല വിമാനത്താവളം ഏത് തരത്തിലാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ? | (എ) യും (ബി) യും (സി) യും ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും, ഒരു ആധികാരിക ഏജൻസി മുഖേന സാദ്ധ്യതാ പഠനം നടത്തുന്നതിന് 21.02.2017 ലെ സ.ഉ.(കൈ) 13/2017/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ എസ് ഐ ഡി സി) ചുമതലപ്പെടുത്തുകയും ചെയ്തു. ഗ്രീൻ ഫീൽഡ് എയർപോർട്ട് ആരംഭിക്കുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് രൂപീകരിച്ച റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി 6 സ്ഥലങ്ങൾ സമിതി മുൻഗണനാ ക്രമത്തിൽ തയ്യാറാക്കി സമർപ്പിക്കുകയും ഇതിൽ ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയ ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മലയാളം പ്ലാന്റേഷനെ 21.07.2017 ലെ സ.ഉ(കൈ) നം. 60/2017/ഗതാ പ്രകാരം തെരഞ്ഞെടുത്ത് ഉത്തരവായിരുന്നു. തുടർന്ന് ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും 25.09.2017 ലെ സ.ഉ(കൈ) 76/2017/ഗതാ നമ്പർ സർക്കാർ ഉത്തരവിലൂടെ Louis Berger Consulting Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. കൺസൾട്ടന്റ് ലഭ്യമാക്കിയ പ്രാരംഭ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലെ 570 ഏക്കർ ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കാവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) അടിയന്തിരമായി ലഭ്യമാക്കുന്നതിന് കൺസൾട്ടന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ